Nagercoil District Hospital

25. **MR. K. NARAYANAPERUMAL NADAR :** Will the Government be pleased to lay on the table a statement, by caste, of in-patients in the Nagercoil District Hospital during the year 1115 ?

VAIDYASASTRAKUSALA (MRS.) M. POONNEN LUKOSE (*Surgeon General*) : A statement by caste is not available.

LEGISLATIVE BUSINESS.

THE TRAVANCORE SPECIAL MARRIAGE AND SUCCESSION BILL.

PRESIDENT : Mr. Legal Remembrancer, who is in charge of the Bill ?

MR. PUTHUPALLY S. KRISHNA PILLAI : From the information available, Mr. T. P. Velayudhan Pillai is in charge of the Bill.

MR. PULIYOOR T. P. VELAYUDHAN PILLAI : I beg to bring the report of the Select Committee on the Travancore Special Marriage and Succession Bill and move that it may be taken into consideration.

MR. K. KUNJU PANICKAR : I second.

MR. P S. MUHAMED : ഈ ബിൽ തിരുവിതാംകൂറിലെ പല സമുദായക്കാരേയും ബാധിക്കുന്നതും മതപരമായ പല സംസ്ക്കാരങ്ങളേയും ഇന്നു നിലവിലിരിക്കുന്ന പല ആചാരങ്ങളേയും ഗുണപ്പെടുത്തുന്നതുമായ തൊണ്ണ്. വിശേഷിച്ച് മുസ്ലിം സമുദായത്തെ സംബന്ധിച്ചേടത്തോളം അവരുടെ മതപരമായ കാര്യങ്ങളെ ഇതു സ്പർശിക്കുന്നുണ്ട്. ഇതിന്റെ സെലക്ട് കമ്മിറ്റിയിലാകട്ടെ ഒരു മുസ്ലിം മെമ്പർ ഇല്ലായിരുന്നു. അതുകൊണ്ട് എന്റെ സമുദായത്തിന്റെ അഭിപ്രായം എന്താണെന്നറിയുന്നതിനുള്ള സൗകര്യം സിദ്ധിച്ചിട്ടില്ല. ഇൻഹെറിറ്റൻസ, വിവാഹം ഇവയെ സംബന്ധിച്ചാണ് ഈ ബിൽ മുസ്ലിം സമുദായത്തെ ബാധിക്കുന്നതു.

MR. PUTHUPALLI S. KRISHNA PILLAI : I rise to a point of order, Sir. It is doubtful whether the honourable member is in order in raising the objection in the form in which he raises the objection before the Bill is taken into consideration, and it is open to any member to raise any objection only on the ground specified in Standing Order No. 12 of the Assembly Manual.

PRESIDENT : I take it that he is making preliminary observations with regard to some motion ?

MR. P. S. MUHAMED : Yes Sir.

ഞാൻ ഇതു വീണ്ടും ഒരു സെലക്ട് കമ്മിറ്റിക്കു അയക്കണമെന്നു പറയുന്നതിനുള്ള വാദങ്ങളാണ് പറഞ്ഞുവരുന്നതു. മുസ്ലിമിങ്ങളുടെ മതപരമായ സംഗതികളിൽ പല വശത്തുക്കുടെയും ഈ ബിൽ കൈകടത്തുന്നതുകൊണ്ട് ഇതു വീണ്ടും ഒരു മുസ്ലിം മെമ്പർക്കുടി അടങ്ങി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Muhamed.]

ഒരു സിലക്ററു കമ്മററിക്കു അയച്ചു പര്യാലോചിക്കണമെന്നുള്ള എന്റെ അഭിപ്രായം ഞാൻ ഇവിടെ രേഖപ്പെടുത്തിക്കൊള്ളുന്നു.

MR. K. P. KOCHUKORA THARAKAN : ഞാൻ മി. പി എസ്. മുഹമ്മദിന്റെ അഭിപ്രായത്തോടു യോജിച്ചുകൊള്ളുന്നു. തിരുവിതാംകൂറിലെ എല്ലാ സമുദായങ്ങളെയും ഒന്നുപോലെ ബാധിക്കുന്ന ഒരു ബില്ലാണിതു്. ഈ ബിൽ ഇവിടെപ്പറഞ്ഞതുപോലെയാണെങ്കിൽ ക്രൈസ്തവസമുദായത്തിൽ, പ്രത്യേകിച്ചു ഞാനുൾപ്പെട്ട സമുദായത്തിലെ ആചാര്യവർഗ്ഗത്തിനു പ്രത്യേകിച്ചു, സമുദായത്തിനുപൊതുവേയുംപല ഉടവുകളും തട്ടാനിടയുണ്ടു സെലക്ററു കമ്മറി ഓരോ സമുദായത്തിലേയും ആത്മീകമേലദ്ധ്യക്ഷന്മാരുമായി ആലോചിക്കയൊ അവരുടെ അഭിപ്രായം അറിയിക്കുകയൊ ചെയ്തിട്ടില്ല. ഇതിനെ സംബന്ധിച്ചു പലർക്കും വലുതായ എതിർപ്പുണ്ടു്.

MR. MURUKUMPUZHA V. KUNJUKRISHNAN: സെലക്ററു് കമ്മറിയിൽ ക്രൈസ്തവമെമ്പർ ഇല്ലായിരുന്നോ?

MR. K. P. KOCHUKORA THARAKAN: ഇല്ലായിരുന്നുവെന്നു ഞാൻ പറഞ്ഞില്ല. ഉണ്ടായിരുന്നെങ്കിലും കമ്മറി വേണ്ടപോലെ അനേഷണം നടത്തി സമുദായ നേതാക്കന്മാരോടു് സ്ററേറുമെൻറു വാങ്ങിച്ചിട്ടില്ല എന്നു മാത്രവുമല്ല അവരുടെ അഭിപ്രായം അറിഞ്ഞിട്ടുമില്ല.

MR. M. R. NARAYANA PILLAI : ഇതു് ഒരു സമുദായത്തെ ബാധിക്കുന്നതൊ ഒരു സമുദായത്തിലെ അംഗങ്ങളെ ബാധിക്കുന്നതൊ?

MR. K. P. KOCHUKORATHARAKAN : സമുദായത്തിലെ അംഗങ്ങളെ എല്ലാവരേയും ബാധിക്കുന്നതു സമുദായത്തെ ബാധിക്കുമെന്നാണു് ഞാൻ വിചാരിക്കുന്നതു്.

MR. K. R. NARAYANAN : സെലക്ററു കമ്മിററിയിൽ ഒരു ജാക്കോബൈറു് മെമ്പർ ഉണ്ടായിരുന്നതായി അറിയാമൊ?

MR. K. P. KOCHUKORA THARAKAN:: ഉണ്ടായിരുന്നതായി അറിയാം.

MR. T. T. KESAVAN SASTRI : ഈ ബിൽ എല്ലാ ക്രിസ്ത്യാനികളെയും ബാധിക്കുകയില്ലെ?

MR. K. P. KOCHUKORA THARAKAN : ബാധിക്കും. എന്നാൽ അവരിൽ പലർക്കും തടസ്സമില്ലായിരിക്കാം. എന്നാൽ നാനുൾപ്പെട്ട സമുദായത്തിനു ഇതിൽ വലുതായ എതിർപ്പുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. T. T. KESAVAN SASTRI: ഏതെല്ലാം ക്രസ്ത്യാനികളെയാണ് ഇത് ബാധിക്കാതെയിരിക്കുന്നത് ?

MR. K. P. KOCHUKORATHARAKAN: ബാധിയ്ക്കാതിരിയ്ക്കുന്നതിനെപ്പറ്റി ഇവിടെ പറയേണ്ട ആവശ്യമില്ല. ബാധിക്കുന്നതിനെപ്പറ്റി മാത്രമേ ഞാൻ ഇവിടെ പറയുന്നുള്ളൂ.

MR. T. T. KESAVAN SASTRI: പുലയർ, പറയർ മുതലായ മതപരിവർത്തനം ചെയ്തവരേയും ഈ ബിൽ ബാധിക്കുന്നതല്ലേ?

MR. K. P. KOCHUKORATHARAKAN: : അതെ.

MR. P. KUNJUKRISHNAN: ക്രസ്ത്യാനിസമുദായത്തോട് ആലോചിക്കാത്തത് ആരുടെ കുറ്റമാണ്?

MR. K. P. KOCHUKORATHARAKAN: സിലക്ട് കമ്മിറ്റിയുടെ കുറ്റമാണെന്നാണ് ഞാൻ പറയുന്നത്.

MR. M. R. NARAYANA PILLAI : മെമ്പറുടെ അഭിപ്രായം സെലക്ട് കമ്മറ്റിയെ അറിയിച്ചിട്ടുണ്ടോ?

MR. K P. KOCHUKORATHARAKAN : സെലക്ട് കമ്മിറ്റി എന്നോട് ആവശ്യപ്പെട്ടില്ല. എങ്കിലും ചില പത്രങ്ങളിൽ ഇതിനെപ്പറ്റി അഭിപ്രായം പ്രസിദ്ധം ചെയ്തിരുന്നു.

MR. K. R. NARAYANAN : സ്റ്റാൻഡിംഗ് ആർഡർ പ്രകാരം അനുസരിച്ച് 6 ദിവസത്തെ നോട്ടീസ് കൊടുക്കണമെന്നേയുള്ളൂ. എന്നാൽ മീനം 9-ാംനു-യാണ് സെലക്ട് കമ്മറ്റി റിപ്പോർട്ട് ഗസറ്റിൽ പ്രസ്ദ്ധം ചെയ്തത്. അതു കഴിഞ്ഞിട്ട് ഇന്നു പതിനഞ്ചു ദിവസം കഴിഞ്ഞിരിക്കുന്നു. ഇതിനും പുറമെ തിരുവിതാംകൂർ നിയമസഭയിൽ മി. വട്ടപ്പറമ്പിൽ രാമൻപിള്ള അവതരിപ്പിച്ച ഇപ്രകാരമുള്ള ഒരുബിൽ ആലോചനക്കു വന്നപ്പോൾ 6 ദിവസത്തെ നോട്ടീസില്ലാത്തതുകൊണ്ട് പുനരാലോചന മാറ്റിവയ്ക്കണമെന്നു ആവശ്യപ്പെടുകയും ഗസറ്റിൽ പരസ്യം ചെയ്ത് 6 ദിവസം കഴിഞ്ഞാൽ മതിയെന്ന് അന്ന് തീർച്ചപ്പെടുത്തുകയും ചെയ്തു.

MR K. P. KOCHUKORATHARAKAN : സർ, സാധാരണ മൂന്നു ഭാഷയിൽ പരസ്യപ്പെടുത്തുകയാണ് പതിവ്. ഈ ബില്ല് ഇംഗ്ലീഷിൽ മാത്രമേ പരസ്യപ്പെടുത്തിയിട്ടുള്ളൂ. അതുകൊണ്ട് ഇംഗ്ലീഷു അറിയാൻ പാടില്ലാത്തവക്ക് ഇതിനെപ്പറ്റി പഠിക്കുന്നതിനുള്ള അവസരം ഉണ്ടായിട്ടില്ല. അതുകൊണ്ട് ഞാൻ മി. പി. എസ്. മഹമ്മദിന്റെ അഭിപ്രായത്തോട് യോജിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. J. E. A. PEREIRA: Sir, I also wish to support the motion for recommittal. This is a very important piece of legislation and no harm will be caused by going into it further. It affects a good lot of Catholics. I would therefore strongly support the motion that the Bill be recommitted.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I find no force in the demand made by Mr. P. S. Muhamed for a recommittal of the Bill to a Select Committee.

PRESIDENT: A point strikes me, mainly as a matter of policy. I see that the Select Committee have reported that there are certain objections. In a House like this, if any, section feels strongly that no time for consideration has been given, this section should not be allowed to nurse a grievance. I do not know whether recommittal is an appropriate procedure: but if honourable members want more time to consult their own communities and take further steps, I think it will be well to give time to those communities, because it is not wise to pass any legislation which any community thinks is going to be against its interest. I am just putting it as a suggestion. I am not going to give a ruling, but I am entirely leaving it to the decision of the House.

MR. PULIYOOR T. P. VELAYUDHAN PILLAI: Sir, I may be permitted to explain the circumstances which will show that there is absolutely no justification for making this demand. Sir, this Bill was published in the Government Gazette about six years ago, and the Bill was introduced in this House on the 20th April 1935. That is also six years ago. Again, Sir, the first sitting of the Select Committee was held on the 4th April 1940. That is also about a year ago. The report of the Select Committee was published in the Gazette dated the 5th Meenam 1116. These dates will be relevant —— —

PRESIDENT: You say that the people had enough time?

MR. PULIYOOR T. P. VELAYUDHAN PILLAI: Yes, Sir. And absolutely no objection was raised till this moment from any quarter or by any community and so my submission is that all the communities concerned had sufficient opportunity to understand the several provisions contained in the Bill, and to raise any objections if they really thought them necessary.

MR. KOTTALIL P. ABRAHAM: Was the Bill at any time published in Malayalam, or in Tamil?

MR. PULIYOOR T. P. VELAYUDHAN PILLAI: It is not necessary to publish it in Malayalam or in Tamil. I may also be permitted to state that at the time of the introduction of this Bill, several of the honourable members representing the major communities in the State including Muslim, Christian and Brahmin communities whole-heartedly supported the principle underlying this Bill and they welcomed a measure of this kind.

MR. P. S. MUHAMED: ആ കാലത്തു ഏതു മുസ്ലീം മെമ്പറാണ് ഈ ബില്ലിനെ അനുകൂലിച്ചതു?

LIBRARY ARCHIVES Kerala Legislative Assembly

MR. PULIYOOR T. P. VELAYUDHAN PILLAI: Mr. K. Muhamed B. A., was representing the Muslim community at the time the Bill was introduced. Several of the leading members of the Christian Community also supported this measure. So my submission is that there is no justification to grant the demand made by the honourable member, Mr. P. S. Muhamed.

The question that the Bill be recommitted was put to vote and declared lost.

MR. K. P. KOCHUKORA THARAKAN: Sir, I demand a poll. A poll was accordingly taken with the following results:—

AYES—12.

1. Mr. Kottalil P. Abraham	7. Mr. P. V. Mathai Chemparathy
2. ,, M. L. D'Cruz	8. Sahib Bahadur P. S. Muhamed
3. ,, K. Dominic Joseph	9. Mr. N. Narayana Kurup
4. ,, K. P. Kochukora Tharakan	10. ,, K. Narayana Perumal Nadar
5. ,, Thamarappallil Kochuthommen	11. ,, J. E. A. Pereira
6. ,, Thariathu Kunjithommen	12. ,, M. Ramiah Pillai

NOES—20.

1. Srimati K. Devaki Antharjanam	11. Mr. S. Narayana Pillai
2. Mr. E. E. Pandarathil	12. ,, M. R. Narayana Pillai
3. ,, Kannanthodath Janardanan Nair	13. ,, K. R. Narayanan
4. ,, Menatheri N. Kesava Panickar	14. Srimati T. Narayani Amma
5. ,, T. T. Kesavan Sastri	15. Mr. Kainikkara M. Padmanabha Pillai
6. ,, N. R. Krishnan	16. ,, N. Ramakrishna Pillai
7. ,, A. K. Kumaran Vaidyan	17. ,, Codiveetil C. Ramankunju
8. ,, P. Kunjukrishnan	18. ,, Puliyoor T. P. Velayudhan Pillai
9. ,, Murukkumpuzha V. Kunjukrishnan	19. ,, G. Velu Pillai
10. ,, K. Kunju Panickar	20. ,, P. Vivekanandam

NEUTRALS—18.

1. Mr. P. C. Adichan	10. Mr. E. P. Varghese
2. ,, S. Chattanatha Karayalar	11. ,, S. Sundararajan
3. ,, D. Francis	12. ,, A. Gopala Menon
4. ,, K. G. Govindan	13. ,, M. Ramachandra Rao
5. ,, D. C. Joseph	14. ,, Puthupally S. Krishna Pillai
6. ,, N. V. Joseph	15. ,, K. Madhava Kurup
7. ,, Joseph Vithayathil	16. ,, C. V. Chandrasekharan
8. ,, Varkala K. Madhavan	17. ,, K. R. Narayana Aiyar
9. ,, P. Narayana Pillai	18. ,, P. J. Thomas

The motion was declared lost, 12 voting for, 20 voting against, and 18 remaining neutral.

MR. K. P. KOCHUKORA THARAKAN: I move that the consideration of the Bill be adjourned.

MR. PULIYOOR T. P. VELAYUDHAN PILLAI: Is the member in order in making this motion after the other motion has been voted upon?

LIBRARY ARCHIVES Kerala Legislative Assembly

PRESIDENT: The point is this. A motion for adjournment of the business can be made at any time and at any stage. The question that has not been decided by the House is that the Bill as reported by the Select Committee be considered. Clause by clause of the Bill has to be put and the amendments to each clause have to be considered. Now it is open to any member to say that the whole of that process of voting on each amendment and on each clause should take place at some other time. I hold therefore that the motion is in order.

MR. J. E. A. PEREIRA: I second it.

MR. PULIYOOR T. P. VELAYUDHAN PILLAI: I oppose that motion for the reasons which I have already stated.

The question that the consideration of the Bill be adjourned was put and declared lost.

MR. K. P. KOCHUKORA THARAKAN: I demand a poll.

A poll was accordingly taken with the following results:—

AYES—15.

1. Mr. Kottalil P. Abraham
2. „ M. L. D'Cruz
3. „ K. Dominic Joseph
4. „ D. Francis
5. „ N. V. Joseph
6. „ Joseph Vithayathil
7. „ K. P. Kochukora Tharakan
8. „ Thamarappallil Kochuthommen
9. Mr. Thariathu Kunjithommen
10. „ P. V. Mathai Chemparathy
11. Sahib Bahadur P. S. Muhamed
12. Mr. K. Narayanaperumal Nadar
13. „ J. E. A. Pereira
14. „ M. Ramiah Pillai
15. „ E. P. Varghese

NOES—18.

1. Mr. E. E. Pandarathil
2. „ Kanvanthodath Janardanan Nair
3. „ Menatheri N. Kesava Panickar
4. „ T. T. Kesavan Sastri
5. „ N. R Krishnan
6. „ A. K. Kumaran Vaidyan
7. „ P. Kunjukrishnan
8. „ Murukkumpuzha V. Kunjukrishnan
9. „ K. Kunju Panickar
10. Mr. S. Narayana Pillai
11. „ M. R. Narayana Pillai
12. „ K. R. Narayanan
13. „ Kainikkara M. Padmanabha Pillai
14. „ N. Ramakrishna Pillai
15. „ Codiveetil C. Ramankunju
16. „ Puliyoor T. P. Velayudhan Pillai
17. „ G. Velu Pillai
18. „ P. Vivekanandam

NEUTRALS—17.

1. Mr. P. C. Adichan
2. „ S. Chattanatha Karayalar
3. Srimati K. Devaki Antharjanam
4. Mr. K. G. Govindan
5. „ D. C. Joseph
6. „ Varkala K. Madhavan
7. „ N. Narayana Kurup
8. „ P. Narayana Pillai
9. Srimati T. Narayani Amma
10. Mr. S. Sundararajan
11. „ A. Gopala Menon
12. „ M. Ramachandra Rao
13. „ Mr. Puthupally S. Krishna Pillai
14. „ K. Madhava Kurup
15. „ C. V. Chandrasekharan
16. „ K. R. Narayana Aiyar
17. „ P. J. Thomas

LIBRARY ARCHIVES Kerala Legislative Assembly

The motion was declared lost, 15 voting for, 18 voting against, and 17 remaining neutral.

The question that the Bill be considered was put to vote and declared carried.

Clause 1.

The question that clause 1 stands part of the Bill was put and carried.

Clause 1 was added to the Bill.

Clause 2.

MR. P. S. MUHAMED: Sir I move:—

"Add the following as Sub-clause (2) of Clause 2, numbering the present Clause 2 as sub-clause (1) of Clause 2.

(2) Notwithstanding anything contained in Sub-clause (1) of Clause 2, the provisions of this Act, shall not be applied to the members of the Muslim community."

MR. P. S. MUHAMED : മുസ്‌ലിംസമുദായത്തിനു വിവാഹത്തേയും ദായക്രമത്തേയും സംബന്ധിച്ച് പ്രത്യേകമായ നിയമമുണ്ട്. അതായത് മഹമ്മദൻലാ അനുസരിച്ചാണ് തിരുവിതാംകൂറിലെ മുസ്‌ലിമിങ്ങൾ നടന്നുവരുന്നത്. മുസ്‌ലിംസമുദായം തിരുവിതാംകൂറിൽ ഉൾപ്പെട്ടകാലം മുതൽക്കുതന്നെ മഹാരാജാവു തിരുമനസ്സുകൊണ്ട് ഈ നിയമപ്രകാരം നടക്കുന്നതിന് അവർക്കു അനുവാദം നൽകി. ഈ ബിൽപ്പ് മുസ്‌ലിം സമുദായത്തെ സംബന്ധിച്ചടത്തോളം മതപരമായ ഒരു കൈകടത്തലാണെന്നു പറയാതിരിക്കുവാൻ നിവൃത്തിയില്ല.

MR. K. R. NARAYANAN : മുസ്‌ലിം സമുദായത്തിൽ വിവാഹം മതപരമായ ഒരു ചടങ്ങാണോ?

MR. P. S MUHAMED : മതപരമല്ലാതെ ഞങ്ങൾക്കൊന്നുമില്ല.

MR. K. R. NARAYANAN : വിവാഹത്തിന് പുരോഹിതൻ ഉണ്ടോ?

MR. P. S. MUHAMED: വിവാഹത്തിന് മാത്രമെന്നല്ല മറേറതിനും തന്നെ പുരോഹിതൻ ഇല്ലാത്ത ഒരു സമുദായം ഇന്നുണ്ടെങ്കിൽ അതു മുസ്‌ലിം സമുദായം മാത്രമാണ്.

MR. K. R. NARAYANAN : വിവാഹം പള്ളിയിൽ വച്ചാണോ നടക്കുന്നത്?

MR. P. S. MUHAMED : മുസ്‌ലിമിങ്ങൾക്കു പ്രത്യേകതന്നെ പള്ളിയിൽവച്ച് നടത്തണമെന്ന് നിർബന്ധമില്ല.

MR. K. R. NARAYANAN : വിവാഹത്തിനു മതപരമായ ചടങ്ങെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED : ഇന്നാരെ വിവാഹം കഴിക്കാമെന്നും ഇന്നാരെ വിവാഹം കഴിക്കാൻ പാടില്ലെന്നും ക്ലിപ്തപ്പെടുത്തിയിരിക്കുന്നത് മതത്തിലാണ്.

MR. K. KUNJU PANICKAR : അത് ഒരു സാമുദായിക നിർദ്ദേശമല്ലേ?

MR. P. S. MUHAMED: അല്ല. മതസംബന്ധമായതാണ്.

MR. K. R. NARAYANAN : സിവിൽ മാരിയേജ് ബിൽ കൊച്ചി നിയമസഭയിൽ പാസാക്കിയപ്പോൾ വിവാഹം മതപരമായിട്ടുള്ള ചടങ്ങല്ലെന്ന് മി. സീതി പ്രസ്താവിച്ചതായി മെമ്പർക്കറിയാമോ?

MR. P. S. MUHAMED : മി. മഹമ്മദ് സീതി അതിനെ അപ്പോസ് ചെയ്കയല്ലാതെ ഒരിക്കലും അങ്ങിനെ പറഞ്ഞിരിക്കാൻ ഇടയില്ല.

MR. K. R. NARAYANAN : നിയമസഭാനടപടി വച്ചുകൊണ്ടാണ് ഇതു പറയുന്നത്.

MR. P. S. MUHAMED: മി. സീതിക്ക് ഒരിക്കലും അങ്ങനെ പറയാൻ സാധിക്കുകയില്ല.

മതപരമായ നിലയിൽ ഇന്നതരത്തിൽ കല്യാണം കഴിക്കാൻ പാടില്ലെന്നും ഇന്നതരത്തിലെ കല്യാണം കഴിക്കാൻ പാടുള്ളൂ എന്നും നിർബന്ധിക്കുന്നുണ്ട്. അതുപോലെതന്നെ ഏതാനും ചില അന്യമതക്കാരുമായിട്ടുള്ള വിവാഹം മാത്രമേ മഹമ്മദ് മതപ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ളൂ. മഹമ്മദൻലാ അനുസരിച്ച് ഒരു മുസ്ലിമിനു നാലുപേരെ കല്യാണം കഴിക്കാൻ അനുവദിച്ചിട്ടുണ്ട്. എന്നാൽ ഈ ബില്ല് അനുസരിച്ച് ഒരാൾ വിവാഹം ചെയ്തുപോയാൽ പിന്നെ അയാൾക്ക് വേറെ വിവാഹം നടത്താൻ പാടില്ല. ഇതിന്റെ ഔചിത്യത്തെയോ അനൗചിത്യത്തെയോ പറഞ്ഞല്ല ഞാൻ പറയുന്നത്. നേരെമറിച്ച് മുസ്ലിമുങ്ങൾക്കു മതപരമായുള്ള ഒരു സ്വാതന്ത്ര്യത്തെ ഇതു തടുത്തുകളയുന്നു.

ഇതുപോലെതന്നെ ദായക്രമത്തിനും വളരെ കുഴപ്പങ്ങൾ ഉണ്ട്. ഒരു മുസല്മാൻ ആദ്യം ഒരു വിവാഹം കഴിച്ചു എന്നിരിക്കട്ടെ. അയാൾക്ക് രണ്ടു കുട്ടികൾ ഉണ്ട്. ഭാര്യ മരിച്ചുപോയി. അമ്മ ഉണ്ട്. അച്ഛനും ഉണ്ട്. അയാൾ ഈ ബില്ലനുസരിച്ച് രണ്ടാമതു വിവാഹം ചെയ്തു. അതിലും രണ്ടു കുട്ടികളുണ്ടായി. ഈ ബില്ലിൽ പറയുന്നയാൾടെ സ്വത്ത് സമമായി വീതിക്കണമെന്നാണ്. മഹമ്മ

LIBRARY ARCHIVES Kerala Legislative Assembly

മറ്റെല്ലാ പ്രകാരം അങ്ങനെയല്ല. ചുരുക്കത്തിൽ ഈ ബില്ലനുസരിച്ച് ഒരു വിവാഹം ചെയ്യപോയാൽ അമ്മയുടേയും അച്ഛന്റേയും അവകാശത്തെ കവർന്നെടുക്കുന്നു.

MR. A. K. KUMARAN VAIDYAN : ശരിയായ രീതിയിൽ മഹമ്മദ്മതം അനുസരിച്ച് ജീവിക്കുന്ന ഒരാൾ മറുമതത്തിൽ വിവാഹം നടത്താൻ പോകാതിരിക്കയില്ല?

MR. P. S MUHAMED : അയാൾ മതത്തിൽനിന്ന് മാറിപ്പോയതു കൊണ്ട് ദോഷമില്ല. പക്ഷെ മഹമ്മദ മതത്തിൽ ഇരിക്കുമ്പോൾ അയാളെ ഈ ബില്ല് ബാധിക്കരുത്.

MR. PULIYOOR T. P. VELAYUDHAN PILLAI : മുസ്ലിം മതമനുസരിച്ച് ഒന്നിലധികം ഭാര്യമാരെ വിവാഹം ചെയ്യണമെന്നു നിർബന്ധമുണ്ടെങ്കിൽ അതിന് ഈ ബിൽ ബാധകമായിട്ടു വരുന്നുണ്ടോ?

MR. P. S. MUHAMED : ഉണ്ട്.

MR. PULIYOOR T. P. VELAYUDHAN PILLAI : സ്വമതത്തിൽനിന്നു വിവാഹം കഴിക്കുന്നതു് ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിവാക്കിയിട്ടുള്ളതായി അറിയാമോ?

MR. P. S. MUHAMED : ഈ ബില്ലനുസരിച്ച് വിവാഹം ചെയ്തുകഴിഞ്ഞാൽ പിന്നീടു വിവാഹം ചെയ്യാൻ പാടില്ല.

മഹമ്മദൻ ലാ അനുസരിച്ച് ഒരാളിന്റെ സ്വത്തിൽ ഇത്ര ശതമാനമേ വിൽ എഴുതിക്കൊടുക്കാവൂ എന്നു നിർബന്ധമുണ്ട്. എന്നാൽ ഈ ബില്ലനുസരിച്ച് വിവാഹം ചെയ്തുപോയാൽ അയാൾക്ക് അയാളുടെ സ്വത്തു മുഴുവനും വിൽ എഴുതിവയ്ക്കാനുള്ള സ്വാതന്ത്ര്യം കിട്ടുന്നു. ഇതും മതസംബന്ധമായ ഒരു നിയമത്തെ ബാധിക്കുന്നതാണ്. മറ്റു സമുദായക്കാർക്ക് ഈ ബില്ലിന്റെ ആവശ്യം ഉണ്ടായിരിക്കാമെങ്കിലും മുസ്ലിം സമുദായത്തിന് ഇതിന്റെ ആവശ്യമില്ല.

MR. P. KUNJUKRISHNAN : ഏതു സമുദായത്തിനാണ് ഈ ബില്ലിന്റെ ആവശ്യമുള്ളതു്?

MR. P. S. MUHAMED : ഈഴവസമുദായത്തിനും ഹിന്ദുമതത്തിൽ അധഃപതിച്ചിരിക്കുന്ന മറ്റുചില സമുദായത്തിനും എന്നു മെന്നുക്കുതന്നെ അറിയാവുന്ന സംഗതിയാണ്.

MR. K. R. NARAYANAN : കൊച്ചിയിൽ സിവിൽ മാരിയേജ് നിയമം പാസാക്കിയിട്ട് ഇപ്പോൾ കുറേക്കാലം കഴിഞ്ഞിരിക്കുന്നു. അവിടെനിന്നും ഇതുവരെയുള്ള പരാതികളൊന്നും കേട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED : ഈ ബില്ലിൽ കൊടുത്തിരിക്കുന്നതുപോലുള്ള ദായക്രമമല്ല അവിടെ കൊടുത്തിട്ടുള്ളത്.

മുസ്ലിം സമുദായത്തെ ഈ ബില്ലിന്റെ പരിധിയിൽനിന്നും ഒഴിക്കുന്നതുകൊണ്ട് ആക്കും ഒരു ദോഷവും വരാനില്ല. മുസ്ലിം സമുദായമാണെ മറ്റു സമുദായത്തിൽ വിവാഹം ചെയ്യാൻ മാതൃക കാണിച്ചുകൊടുത്തിട്ടുള്ളത്. അങ്ങനെ അന്യസമുദായത്തിൽ വിവാഹംചെയ്തു ഉണ്ടാകുന്ന സന്താനങ്ങൾക്ക് മഹമ്മദൻ ലാ ആണ പ്രമാണം.

(ഈ സന്ദർഭത്തിൽ പ്രസിഡൻറ് ഹാൾ വിട്ട പോകയും ഡെപ്യൂട്ടി പ്രസിഡൻറ് അദ്ധ്യക്ഷസ്ഥാനം കയ്യേൽക്കുകയുംചെയ്തു.)

MR. P. S. MUHAMED : മഹമ്മദൻ ലായുടെ പരിധിയിൽനിന്നും വിട്ട് ഇതരനിയമങ്ങളെ അനുകരിക്കുന്ന മുസ്ലിമിങ്ങളെക്കൂടി മഹമ്മദൻ ലായിലേക്കു കൊണ്ടുവരാൻ സമുദായം ശ്രമിക്കുന്ന ഈ സന്ദർഭത്തിൽ പൊതുവെ സമുദായത്തിന്റെ സ്വാതന്ത്ര്യാവകാശങ്ങളെ ബാധിക്കുന്ന ഒരു നിയമം അവരുടെ തലയിൽ വയ്ക്കാൻ പാടില്ലാത്തതാകുന്നു.

MR. K. KUNJU PANICKAR : മരുമക്കത്തായം ആചരിക്കുന്ന മഹമ്മദീയരും ഇല്ലേ?

MR. P. S. MUHAMED : ഇല്ല. കച്ചി മേമൻസിന്റെ ഇടയിൽ ദായക്രമം ഹിന്ദു ലാ അനുസരിച്ചാണ നടന്നുവരുന്നത്. അവരേയും മഹമ്മദൻ ലായ്ക്കകത്തു കൊണ്ടുവരണമെന്നു വിചാരിച്ച് ഒരു ബിൽ കൊണ്ടുവരികയും അത് സെലക്ട് കമ്മിറ്റിയിൽ ഇരിക്കുകയും ചെയ്യുന്നുണ്ട്.

അതുകൊണ്ട് ഞാൻ ഈ സഭയോട് അഭ്യർത്ഥിക്കുന്നത് മതപരമായ സംസ്കാരങ്ങളിൽ കൈകടത്തരുതെന്നാണ്. ഈ സഭയ്ക്ക് ഞങ്ങൾക്കെതിരായ ഏതു നിയമവും പാസാക്കാൻ സാധിക്കും. അതുകൊണ്ട് ഞങ്ങളുടെ മതപരമായ നിലയെ പര്യാലോചിച്ച് ഞങ്ങളെ ഇതിൽ ഉൾപ്പെടുത്താതിരിക്കണമെന്നാണ് എന്റെ അപേക്ഷ.

MR. K. P. KOCHUKORA THARAKAN : മഹമ്മദൻ ലാ അനുസരിച്ച് വിവാഹച്ചടങ്ങ് എങ്ങിനെയാണ്?

MR. P. S. MUHAMED : മഹമ്മദ് മതം അനുസരിച്ച ഒരു സ്ത്രീയെ അവളുടെ സമ്മതത്തോടുകൂടി മതസംബന്ധമായ നിബന്ധനകൾ അനുസരിച്ച് രണ്ടു സാക്ഷികളുടെ മുൻപെവച്ച് വരൻ ഭാര്യയായി സ്വീകരിക്കുക: ആ സമയത്ത് പരിശുദ്ധമായ ദൈവവാക്യം പ്രീസ്റ്റ് ഉച്ചരിക്കുന്നു. ഇതുമാണ നടക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

MR. KAINIKKARA M. PADMANABHA PILLAI : ഇസ്ലാമല്ലാത്ത ഒരു സമുദായവുമായി വിവാഹബന്ധത്തിൽ ഏർപ്പെട്ടുകൂടാ എന്ന മഹമ്മദൻ ലായിൽ വ്യവസ്ഥയുണ്ടോ?

MR. P. S. MUHAMED : ഉണ്ട്. എന്നാൽ ഇന്നയിന്ന മതക്കാരുമായിട്ട വിവാഹബന്ധം ആകാമെന്ന പറയുന്നുണ്ട്.

MR. KAINIKKARA M. PADMANABHA PILLAI: അതു് ഏതെല്ലാം മതമാണെന്ന സാമാന്യമായിട്ടെങ്കിലും പറയാമോ?

MR. P. S. MUHAMED : വിഗ്രഹാരാധന കൂടാതെ, ഏതെങ്കിലും ഗ്രന്ഥങ്ങളം ലഭിച്ചിട്ടുള്ള ദീർഘദർശികളെ അനുകരിക്കുന്ന മതത്തിൽ ഉൾപ്പെട്ട സ്ത്രീകളെ വിവാഹം ചെയ്യാം.

MR. KAINIKKARA M. PADMANABHA PILLAI : ഒരു മഹമ്മദീയ പുരുഷന് ക്രൈസ്തവസ്ത്രീയെ വിവാഹം ചെയ്യാൻ തടസ്സമുണ്ടോ?

MR. P. S. MUHAMED : ഇല്ല. പക്ഷെ മുസ്ലിം സമുദായത്തിൽ ഒരു ന്യൂനപക്ഷം അതു പാടില്ല എന്നുള്ള അഭിപ്രായക്കാരാണ്.

MR. A. K. KUMARAN VAIDYAN : അന്യജാതി സ്ത്രീകളെ വിവാഹംചെയ്യുന്ന ഒരു പുരുഷനെ സമുദായത്തിൽനിന്നും ബഹിഷ്കരിക്കുമോ?

MR. P. S. MUHAMED : മതം അനുവദിച്ചിട്ടുള്ള സമുദായങ്ങളിൽനിന്നും വിവാഹം ചെയ്യുന്ന ആരേയും ബഹിഷ്കരിക്കുകയില്ല.

MR. K. R. NARAYANAN : മഹമ്മദൻ ലായിൽ വിവാഹം മതപരമായ ഒരു ചടങ്ങല്ലെന്നും സിവിൽ കാൺട്രാക്ട് ആണെന്നും പറഞ്ഞിട്ടില്ലേ?

MR. P. S. MUHAMED : എന്നു പറഞ്ഞിട്ടില്ല. മാര്യേജ് സിവിൽ കാൺട്രാക്ടാണെന്നു പറഞ്ഞിരിക്കാമെങ്കിലും അതു മതപരമല്ലെന്നു പറഞ്ഞിട്ടില്ല.

MR. M. R. NARAYANA PILLAI : മഹമ്മദുമതപ്രകാരം വിവാഹത്തിന് എന്തെങ്കിലും ക്രിയകളുണ്ടോ?

MR. P. S. MUHAMED : ഉണ്ട്. പുരോഹിതനെ വരുത്തി വിവാഹം ചെയ്യിക്കാറുണ്ട്. അതില്ലാതെയും വിവാഹം നടത്താം. പക്ഷെ ഇതെല്ലാം മതപരമായ ചടങ്ങുകളാണ്.

MR. PULIYOOR T. P. VELAYUDHAN PILLAI : ഇതൊന്നും കൂടാതെ വിവാഹം നടത്താമെന്നു പറഞ്ഞല്ലോ. അങ്ങിനെയുള്ള വിവാഹം സാധുവാണോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED : മഹമ്മദൻ ലാപ്രകാരം ഞാൻ പറഞ്ഞ ചടങ്ങുകളല്ലാതെ വേറെ ചടങ്ങുകളില്ല. മതത്തിന്റെ അടിസ്ഥാനം തന്നെ വിവാഹത്തിലാണ്.

MR. M. R. NARAYANA PILLAI : അപ്പോൾ മതമില്ലെങ്കിൽ മുസ്ലിം ഉണ്ടാകുമോ?

MR. P. S. MUHAMED : അതുതന്നെയാണു ഞാൻ പറഞ്ഞതു്. മതമില്ലെങ്കിൽ മുസ്ലിം ഉണ്ടാകുകയില്ല, ഹിന്ദു ഉണ്ടാകുകയില്ല, ക്രസ്ത്യാനി ഉണ്ടാകുകയില്ല. മതമാണു സമുദായത്തെ ഉണ്ടാക്കുന്നതു്.

MR. K R. NARAYANA : സമുദായം മതത്തെ ഉണ്ടാക്കുന്നോ, മതം സമുദായത്തെ ഉണ്ടാക്കുന്നോ?

MR. P. S. MUHAMED : മതമാണു് സമുദായത്തെ ഉണ്ടാക്കുന്നതു്.

MR. K. R. NARAYANA : മതമില്ലാത്ത രാജ്യങ്ങളിലെ സമുദായം നിർജീവ സമുദായമാണോ?

MR. P. S. MUHAMED : മതം ചിലപ്പോൾ ചില ആളുകളെ നന്നാക്കും. ചില ആളുകൾക്കു മതം അവരെ ദ്രോഹിക്കുന്നു എന്നു തോന്നിയേക്കാം. അതു മതത്തിന്റെ കുറ്റമല്ല. മതത്തിന്റെ ഇടയിൽ വന്നുകൂടിയ ദുഷ്യംമാത്രമാണു്. മതം എല്ലാപേരേയും നന്നാക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണു്. ചിലർക്കു മതം നശിച്ചു പോയാൽ കൊള്ളാമെന്നുണ്ടു്.

MR. M. R. NARAYANA PILLAI : മുസ്ലിംസിനെ ഇതിൽനിന്നു് ഒഴിവാക്കിയാൽ ഈ ബില്ലു് അനുവദിക്കുമോ?

MR. P. S. MUHAMED : എനിക്കു യാതൊരു തടസ്സവുമില്ല. അതാണു് എന്റെ ഭേദഗതി.

MR. PULIYOOR T. P. VELAYUDHAN PILLAI : ഈ ബില്ലു് ഏതെങ്കിലും മഹമ്മദീയനെ ഈ ബില്ലനുസരിച്ചു വിവാഹം ചെയ്യണമെന്നു നിർബന്ധിക്കുന്നുണ്ടോ?

MR. P. S. MUHAMED : നിർബന്ധിക്കാത്ത ഒരു ബില്ലിന്റെ ആവശ്യമില്ലല്ലോ.

MR. P. KUNJUKRISHNAN : സെലക്ട് കമ്മിറ്റിയിൽ മെമ്പറുടെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ?

MR. P. S. MUHAME : ആറു കൊല്ലത്തിനു മുമ്പേ പബ്ലിഷ് ചെയ്ത ഒരു ബില്ലാണിതു്. ഈ കാലത്തിനിടക്കു് ഇതു നശിച്ചുപോയി എന്നാണു ഞാൻ വിചാരിച്ചതു്. പിന്നീടു് ഇതു സെലക്ട് കമ്മിറ്റിക്കു പോയതൊന്നും ഞാൻ അറിഞ്ഞില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. KAINIKKARA M. PADMANABHA PILLAI : സിലക്ററു കമ്മിററി മെമ്പറന്മാരെ തിരഞ്ഞെടുത്തപ്പോൾ മെമ്പർ ഇവിടെ ഉണ്ടായിരുന്നോ?

MR. P. S. MUHAMED : ഞാൻ ഉണ്ടായിരുന്നുവെങ്കിൽ നിശ്ചയമായും ഒരു മുസ്ലിംമെമ്പർ സിലക്ററു കമ്മിററിയിൽ വേണമെന്ൻഞാൻ പറയുമായിരുന്നു.

MR. P. KUNJUKRISHNAN : ഈ ബില്ലിനെപ്പററി മെമ്പർ അറിഞ്ഞതു എപ്പോഴാണു?

MR. P. S. MUHAMED : ഇതിനെസംബന്ധിച്ച് ഒരു സെലക്ററു കമ്മിററിഉണ്ടായിരുന്നുവന്നു ഞാൻ പത്രങ്ങളിൽകണ്ടു.

MR. P. KUNJUKRISHNAN : അങ്ങിനെ കണ്ടിട്ടു എത്ര മാസമായി?

MR. P. S. MUHAMED : രണ്ടുമൂന്നുമാസമായിക്കാണും.

MR. P. KUNJUKRISHNAN : ഇതിനകം സമുദായത്തെ ധരിപ്പിക്കാൻ മെമ്പർക്കു സൗകര്യമുണ്ടായില്ലേ?

MR. P. S. MUHAMED : ആലപ്പുഴയിൽ ഒരു കുഞ്ഞിനുപോലും ഈ ബില്ല് പാസാകുന്നതിൽ ഇഷ്ടമില്ല.

MR. P. KUNJUKRISHNAN : മെമ്പർ സമുദായത്തെ ധരിപ്പിച്ചോ?

MR. P. S. MUHAMED : സമുദായത്തെ ധരിപ്പിക്കേണ്ടതു എന്റെ ചുമതലയല്ല. ഹിന്ദുക്കളുടെ അഭിപ്രായമനുസരിച്ച് ദായക്രമം നടത്തിവരുന്ന കൊച്ചി മേമൻസിനെ മഹമ്മദൻലായ്ക്കുത്തു കൊണ്ടുവരണമെന്ന അവരുടെ സമ്മതത്തോടുകൂടി ഞാൻ ഒരു ബിൽ കൊണ്ടുവന്നപ്പോൾ, സമുദായത്തിന്റെ അഭിപ്രായം അറിയണമെന്നുപറഞ്ഞ് സെലക്ററു കമ്മിററി അതിന്റെ പര്യാലോചന മാററിവച്ച സ്ഥിതിക്ക് ഒരു പ്രധാന സമുദായത്തെ ബാധിക്കുന്ന ഒരു ബില്ല് അവതരിപ്പിക്കുമ്പോൾ ആ സമുദായത്തിന്റെ അഭിപ്രായം അറിയേണ്ട ചുമതല ഈ സഭയ്ക്കുള്ളതാണു്.

MR. PULIYOOR T. P. VELAYUDHAN PILLAI : ഈ ബിൽ സെലക്ററു കമ്മിററിക്കു അയയ്ക്കുന്നതിനുമുമ്പു് മെമ്പർക്ക് ഈ ബില്ലിന്റെ കാപ്പി കിട്ടിയിട്ടുണ്ടോ?

MR. P. S. MUHAMED : എനിക്കു കിട്ടിയിട്ടില്ല.

MR. P. KUNJUKRISHNAN : മെമ്പർ ഇതിനെ സംബന്ധിച്ചു് പത്രങ്ങളിൽ എഴുതുകയോ ഗവണ്മെൻറിനെ വിവരം ധരിപ്പിക്കുകയോ ചെയ്തിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED : എനിക്ക് അഭിപ്രായം പറയുന്നതിനുള്ള സ്വാതന്ത്ര്യം ഉറപ്പു കിടക്കുമ്പോൾ പത്രങ്ങളിൽ എഴുതി ബഹളം കൂട്ടിയോ ഗവണ്മെൻറിനെ ധരിപ്പിക്കുകയോ ചെയ്യേണ്ട ആവശ്യമില്ല.

MR. P. KUNJUKRISHNAN : ഈ ബില്ലിനെപ്പറ്റി സമുദായത്തിൽനിന്നു പരസ്യമായി യാതൊരു എതിർപ്പും ഉണ്ടായിട്ടില്ലേ?

MR. P. S. MUHAMED : ഇതിൽമുസ്ലിമിങ്ങൾ ഉൾപ്പെടുകയില്ല എന്നാണ് അവരുടെ വിചാരം. ഒരാഴ്ച കഴിഞ്ഞാൽ സമുദായത്തിൻറെ എതിർപ്പുകാണാം.

MR. K. R. NARAYANAN : മുസ്ലിം സമുദായത്തെ സ്പർശിക്കുന്ന സാമുദായികവും രാഷ്ട്രീയവുമായ കാര്യങ്ങൾ ഉണ്ടാകുമ്പോൾ പത്രങ്ങളിലെഴുതിയും യോഗങ്ങൾ വിളിച്ചുകൂട്ടിയും നിശ്ചയങ്ങൾ പാസാക്കുകയും ചെയ്യുന്ന ഒരു പതിവു മെമ്പർക്ക് സാധാരണ ഉണ്ടല്ലോ?

MR P. S. MUHAMED : എൻറെ ശക്തിയിൽ കവിഞ്ഞും എന്നാൽ ഗവണ്മെൻറിനെക്കൊണ്ടു സാധിക്കേണ്ടതുമായ സംഗതികൾ വരുമ്പോൾ മുസ്ലിം സമുദായത്തിൻറെ പൊതുവായ അഭിപ്രായങ്ങൾ പ്രകടിപ്പിക്കാറുണ്ട്.

MR. K. R. NARAYANAN : അങ്ങിനെയാണെങ്കിൽ സ്പെഷ്യൽ മാരിയേജ് ബിൽ തിരുവിതാംകൂറിൽ വരുന്നു എന്നറിഞ്ഞു മൂന്നു മാസമായിട്ടും യാതൊരു സംഘടനയും വിളിച്ചുകൂട്ടാതെ ഇരുന്നതിനുള്ള കാരണമെന്താണ്?

MR. P. S. MUHAMED : എനിക്കുതന്നെ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം ഉള്ളതുകൊണ്ടും, സമുദായത്തിൻറെ അഭിപ്രായം എന്നിൽനിന്നു വ്യത്യസ്ഥമായ രീതിയിൽ വരാൻ ഇടയില്ലയെന്നു എനിക്കു ബോദ്ധ്യമുള്ളതുകൊണ്ടും, ഈ ബില്ലിൽ മുസ്ലിം സമുദായത്തെക്കൂടി വലിച്ചുകൊണ്ടുവരണമെന്നു മറ്റുള്ളവർ നിർബ്ബന്ധിക്കുകയില്ല എന്നുള്ള വിശ്വാസം എനിക്കുള്ളതുകൊണ്ടും, സമുദായത്തെ ഇതു സാരമായി സ്പർശിക്കുന്ന ഒന്നാണെന്ന് ഞാൻ മൂണ്ടിക്കാണിച്ചാൽ സഹോദരസാമാജികന്മാർ അതു ശ്രദ്ധിക്കുമെന്നുള്ള ബോദ്ധ്യം എനിക്കുള്ളതുകൊണ്ടും ആണ് ഞാൻ പത്രങ്ങളിലും മറ്റും ഇതിനെസംബന്ധിച്ച് എഴുതാത്തത്.

MR. P. SIVARAMA PILLAI : ഈ ഹാളിൽ ഇപ്പോൾ മെമ്പറല്ലാതെ മറ്റു മുസ്ലീം മെമ്പറന്മാർ ആരും തന്നെ ഇല്ല എന്നു മെമ്പർക്കു അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED : അതു് ഒരു കുറവായി ഞാൻ വിചാരിക്കുന്നില്ല. ഞങ്ങൾക്കാവശ്യമില്ലാത്ത ഒരു നിയമം ഞങ്ങളുടെ തലയിൽ കെട്ടിവച്ചാൽ, ഞങ്ങളുടെ സംസ്കാരത്തേയും മതത്തേയും ഇതുവരെയാതൊരു പ്രകാരത്തിലും ക്ഷണപ്പെടുത്താത്ത മഹാരാജാവു തിരുമനസിലെ അടുക്കൽ ലക്ഷക്കണക്കായ മുസ്ലിമീങ്ങൾ അഭയം പ്രാപിക്കാതെ ഗത്യന്തരമില്ല. അങ്ങിനെയുള്ള ഒരു പരിതസ്ഥിതി വരുത്തിവയ്ക്കരുതെന്നാണ് ഞാൻ ഈ സഭയോടു അപേക്ഷിക്കുന്നതു്.

MR. PULIYOOR T. P. VELAYUDHAN PILLAI : മി. കെ. മഹമ്മദ്, മുസ്ലീം സമുദായത്തിൽപ്പെട്ട ഒരാളാണോ?

MR. P. S. MUHAMED : അതെ. വേണമെങ്കിൽ അദ്ദേഹത്തിന്റെ അഭിപ്രായം നാളെ ഇവിടെ വരുത്താം. മി. കെ. മഹമ്മദ് ഈ ബില്ലിനെ എതിർക്കുകയായിരിക്കും ചെയ്തതു്. മി. മഹമ്മദിനെപ്പോലെയുള്ള ഒരാൾ—സമുദായത്തെ സംബന്ധിച്ചു് നല്ല പരിജ്ഞാനമുള്ള ഒരാൾ—ഈ ബിൽ മുസ്ലീം സമുദായത്തിന് ആവശ്യമാണെന്നു ഒരിക്കലും പറയുകയില്ല.

MR. P. KUNJUKRISHNAN : ഇപ്പോൾ മറുമുസ്ലീം മെമ്പറന്മാർ ആരും ഇവിടെ ഇല്ലാത്തതിനെ സംബന്ധിച്ചു് മെമ്പറുടെ അഭിപ്രായം എന്താണു്?

MR. P. S. MUHAMED : മുസ്ലീം മെമ്പറന്മാരെ ഞാൻക്യാൻവാസ ചെയ്യണമെന്നാഗ്രഹിക്കുന്നില്ല. ഞാൻ പറയുന്ന സംഗതി മുസ്ലീം സമുദായത്തെ ആകപ്പാടെ ബാധിക്കുന്ന ഒന്നാണെന്നു് അവർക്കു ബോദ്ധ്യമുണ്ടു്. ഈ ഭേദഗതി ഇവിടെ കൊണ്ടുവന്നിട്ടുള്ളതുകൊണ്ടു് അതനുസരിച്ചു് മുസ്ലിം സമുദായത്തെ ഇതിൽനിന്നു് ഒഴിച്ചുവിടും എന്നു് വിചാരിച്ചായിരിക്കാം മറു മെമ്പറന്മാർ വെളിയിൽ പോയതു്. ആലപ്പുഴയിലെ ഒരു സംഘത്തിന്റെ സെക്രട്ടറിയും അഖിലതിരുവിതാംകൂർ മുസ്ലിംലീഗിന്റെ പ്രസിഡന്റും ആണു് ഞാൻ. അതുകൊണ്ടു സമുദായത്തിന്റെ അഭിപ്രായം എന്താണെന്നു് എനിക്കു നല്ലവണ്ണം അറിയാൻ കഴിയും.

MR. KAINIKKARA M. PADMANABHA PILLAI : ഈ ബില്ലിലെ ഇൻഫെറിറന്റ്സ് പ്രൊവിഷൻ ഏതെങ്കിലും സമുദായത്തെ ബാധിക്കാതിരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. MUHAMED : മുസ്ലീം സമുദായത്തിന് ഈ ബില്ലുകൊണ്ടുവന്ന ദോഷം മറ്റു സമുദായത്തിനുള്ള ഗുണത്തേക്കാൾ കൂടുതലാണ് ഇന്ന് ഇൻഡ്യയിൽ മുസ്ലീങ്ങൾ ആകപ്പാടെ മറ്റുള്ളവരുടെ ദൃഷ്ടിയിൽ കുറ്റക്കാരാകാനുള്ള കാരണം അവരുടെ മതപരമായ സംഗതികളേയും സംസ്കാരങ്ങളേയും പരിരക്ഷിക്കുന്നതിൽ അവർക്കുള്ള അത്യാശയാണ്. തിരുവിതാംകൂറിൽ അങ്ങിനെയുള്ള ദോഷങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല.

MR. KAINIKKARA M. PADMANABHA PILLAI : അസംബ്ലിയിലുള്ള മറ്റുമുസ്ലീം മെമ്പറന്മാരുടെ അഭിപ്രായംകൂടി അറിയുന്നതിന് സൗകര്യം ഉണ്ടാക്കിത്തരുമോ?

MR. P. S. MUHAMED : അവരിവിടെ ഉണ്ടായിരുന്നാൽഇപ്പോൾത്തന്നെ അഭിപ്രായം പറയുമായിരുന്നു. അവരുടെ അഭിപ്രായം അറിയണമെങ്കിൽ എന്റെ ഭേദഗതി മാറ്റിവച്ചാൽമതി.

MR. PUTHUPALLI S. KRISHNA PILLAI : ബ്രിട്ടീഷ് ഇൻഡ്യയിൽ സിവിൽ മാരിയേജ് ആക്റ്റിന്റെ പരിധിയിൽ മുസ്ലീം സമുദായം ഉൾപ്പെട്ടുന്നുണ്ടോ?

MR, P. S. MUHAMED : ഇടക്കാലത്ത് ഉൾപ്പെട്ടിട്ടുണ്ട്. അതാണ് ബ്രിട്ടീഷിൻഡ്യയിൽ കാണുന്ന സകല കുഴപ്പത്തിനും കാരണം. അന്നു ഭൂരിപക്ഷം ഉണ്ടായിരുന്നതുകൊണ്ട് മുസ്ലിമിങ്ങൾക്ക് ദോഷമായ വിധത്തിൽ പാസാക്കി.

MR. K. R. NARAYANAN: സിവിൽ മാരിയേജ് നിയമംവന്നശേഷമാണോ ബ്രിട്ടീഷ് ഇൻഡ്യയിൽ കുഴപ്പങ്ങൾ ഉണ്ടായിത്തുടങ്ങിയതു്?

MR. P. S. MUHAMED : അങ്ങിനെയാണു.

MR. P. KUNJUKRISHNAN : പഞ്ചാബിലും ബംഗാളിലും സിവിൽ മാരിയേജുബിൽ ഇല്ലേ?

MR. P. S. MUHAMED : പഞ്ചാബിലും ബംഗാളിലും ഇൻഹെറിറ്റൻസ് മഹമ്മദൻലാ അനുസരിച്ചാണ്.

The House adjourned for lunch at 1 P. M. and re-assembled at 2 P. M. with the Dewan-President in the Chair.

MR. P. S. MUHAMED . ബ്രിട്ടീഷിൻഡ്യയിൽ മുസ്ലീം സമുദായത്തെ ഉൾപ്പെടുത്തിയിട്ടില്ല എന്നു ലീഗൽറിമംബ്രൻസർ എന്നെ അറിയിച്ചതിൽ ഞാൻ അദ്ദേഹത്തോട് കൃതജ്ഞത ഉള്ളവനായിരിക്കുന്നു. ബ്രിട്ടീ

LIBRARY ARCHIVES Kerala Legislative Assembly

ഷ്. ഇൻഡ്യയിലില്ലാത്ത ഒന്നു തിരുവിതാംകൂറിൽ കൊണ്ടുവരേണ്ട ആവശ്യമില്ലല്ലോ. ഇതിലെ ദായ-ാംവകുപ്പനുസരിച്ച് വിവാഹം കഴിക്കപ്പെട്ട ഭാര്യക്ക് അവന്റെ സ്വത്തുമുഴുവനും കൊടുക്കും മഹമ്മദീയലാപ്രകാരം മഹമ്മദീയഭാര്യക്കും സ്വത്തിനവകാശമുണ്ട്. അതുകൊണ്ട് ചില കുഴപ്പങ്ങളുണ്ടാകാനിടയുണ്ട്. അതാണ് ഇതിൽനിന്ന് മുസ്ലീം സമുദായത്തെ ഒഴിവാക്കണമെന്നുള്ള ഒരു ഭേദഗതി അവതരിപ്പിക്കുവാൻ എന്നെ പ്രേരിപ്പിച്ചത്. ആ ഭേദഗതി സ്വീകരിക്കുന്നതുകൊണ്ട് ഈ ബില്ലിന്റെ പ്രയോജനത്തെ ആഗ്രഹിക്കുന്ന മറ്റു സമുദായക്കാർക്കും യാതൊരു ദുഷ്യവും വരാനില്ല.

MR. P. KUNJUKRISHNAN : അങ്ങനെ ആഗ്രഹിക്കുന്ന സമുദായക്കാർ ഏതെല്ലാമാണ് ?

MR. P. S. MUHAMED : ഈഴവർ മുതലായ സമുദായക്കാരാണ്. അതുകൊണ്ട് ഈ ഭേദഗതിയെ സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

MR. M. SIVATHANU PILLAI : I second the amendment.

MR. A. K. KUMARAN VAIDYAN : ഞാൻ ഈ ഭേദഗതിയെ എതിർക്കുന്നു. തിരുവിതാംകൂറിലുള്ള അനേകലക്ഷം ജനങ്ങൾക്കു വേണ്ടി ഒരു നിയമം ഇവിടെ ഉണ്ടാക്കുന്ന സമയത്ത് അതിൽനിന്നും ഏതാനും ആളുകളെ ഒഴിവാക്കണം എന്നുള്ള അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. ഈ ബില്ലിൻപ്രകാരം തന്നെ വിവാഹം ചെയ്യണമെന്നു ആരേയും നിർബന്ധിക്കുന്നില്ല. ഒരു സമുദായത്തിൽപ്പെട്ട ഒരാൾ മറ്റൊരു സമുദായത്തിൽപ്പെട്ട വേറൊരു സ്ത്രീയെ വിവാഹം കഴിക്കുമ്പോൾമാത്രമേ ഈ ബിൽ ബാധകമായി വരുന്നുള്ളൂ. കൊച്ചിയിൽ പാസായിരിക്കുന്ന നിയമത്തിൽ മഹമ്മദീയരെ ഒഴിവാക്കിയിട്ടില്ല.

MR. P. S MUHAMED : ബ്രിട്ടീഷിൻഡ്യൻ നിയമത്തിലെ നിയമത്തിൽ മഹമ്മദീയരെ ഉൾപ്പെടുത്തിയിട്ടില്ലെന്നു ലീഗൽ റിമംബ്രൻസർ ഇപ്പോൾ പറഞ്ഞല്ലോ.

MR. A. K. KUMARAN VAIDYAN: എനിക്കു ലഭിച്ച അറിവുകളെ വച്ചുകൊണ്ട് ഞാൻ പറഞ്ഞു എന്നേയുള്ളൂ. ഞാൻ ഒരു നിയമപണ്ഡിതനല്ല. ഇന്നത്തെ സമുദായങ്ങളുടെ നിലയനുസരിച്ചു നോക്കുന്നപക്ഷം സാമുദായിക ഐക്യത്തിനുവേണ്ടി ഈ നിയമത്തെ മുസ്ലീം സമുദായവും സ്വീകരിക്കേണ്ടതാണെന്നാണ് എന്റെ അഭിപ്രായം. സ്ത്രീപുരുഷന്മാർ പരസ്പരം ഉള്ള അനുരാഗത്തിന്മേൽ നടത്തുന്ന വിവാഹങ്ങളെ നിയമം മൂലം അംഗീകരിക്കുമാത്രമാണു ഇതുകൊണ്ട് സാധിക്കുന്നത്. അതിനു

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. K. Kumaran Vaidiyan.]

ഒരു സമുദായവും പ്രതിബന്ധമായി നിൽക്കേണ്ട കാര്യമില്ല. അമുസ്ലീങ്ങളെ വിവാഹം ചെയ്തിട്ടുള്ള മുസ്ലീങ്ങൾ ധാരാളമുണ്ട്. ചിലരെയൊക്കെ എനിക്കറിയാം. കണ്ണൂരിൽ സബ്ബിൾ ഇൻസ്പെക്ടരായിരിക്കുന്ന മി. മുഹമ്മദ്, ഒ. കെ. മീനാക്ഷി ബി. എ. ബി. എൽ. ബാരിസ്റ്റർ അറ്റ്ലാ എന്ന ഈഴവസ്ത്രീയെയാണ് വിവാഹം ചെയ്തിരിക്കുന്നതു്.

MR. KAINIKKARA M. PADMANABHA PILLAI ഇപ്പോൾ ആ മീനാക്ഷി ഹിന്ദുസ്ത്രീയായിരിക്കുന്നോ മഹമ്മദീയസ്ത്രീയായിരിക്കുന്നോ ?

MR. A. K. KUMARAN VAIDYAN : ഹിന്ദുസ്ത്രീയായിരിക്കുന്നു.

MR. KAINIKKARA M. PADMANABHA PILLAI : നിശ്ചയമായി അറിയാമോ ?

MR. A. K. KUMARAN VAIDYAN : നിശ്ചയമായി അറിയാം.

MR. KAINIKKARA M. PADMANABHA PILLAI : അവരുടെ വിവാഹം എന്നാണു നടന്നതു് ?

MR. A. K. KUMARAN VAIDYAN : ആറേഴ് കൊല്ലങ്ങൾക്കു മുൻപു്. അയ്യപോലെ തിരുവിതാംകൂറിലെ ഇഞ്ചിനീയർ ഡിപ്പാർട്ടുമെൻറിൽ ഒരു ഉദ്യോഗസ്ഥനായിരിക്കുന്ന മി. ബേക്കർ ഒരു ക്രിസ്ത്യൻ സ്ത്രീയെയാണു് കല്യാണം കഴിച്ചിരിക്കുന്നതു്.

MR. P. S. MUHAMED : ആ സ്ത്രീയിൽ മി. ബേക്കറിനുണ്ടായ കുട്ടികളെ മഹമ്മദീയരായി ഗണിച്ചിരിക്കയാണെന്നറിയാമോ ?

MR. A. K. KUMARAN VAIDYAN : ആൺകുട്ടികളെ മഹമ്മദ് മതത്തിലേക്കു ചേർത്തു. പെൺകുട്ടികൾ ക്രിസ്ത്യാനികളായി നില്ക്കുന്നു.

MR. K. R. NARAYANAN : മുസ്ലീംനേതാവായ മി. ജിന്നായുടെ മകൾ ഒരു അമുസ്ലീമിനെയാണു വിവാഹം കഴിച്ചിരിക്കുന്നതെന്നു് മെമ്പർക്കറിയാമോ ?

MR. A. K. KUMARAN VAIDYAN : അറിയാം. ഒരു പാഡിയാ എന്ന ജൈനമതക്കാരനെയാണു്.

MR. K. R. NARAYANAN : മി. ജിന്നാതന്നെ ഒരു അമുസ്ലീം സ്ത്രീയെയാണു വിവാഹം ചെയ്തിരിക്കുന്നതെന്നറിയാമോ ?

MR. A. K. KUMARAN VAIDYAN : ഒരു പാഴ്സി സ്ത്രീയെയാണെന്നറിയാം.

MR. P. S. MUHAMED : ഇങ്ങനെ കല്യാണം കഴിക്കപ്പെട്ട സ്ത്രീകളെ അവരവരുടെ മതത്തിൽ നിന്നു തള്ളിയിരിക്കയാണോ ?

LIBRARY ARCHIVES Kerala Legislative Assembly

MR. A. K. KUMARAN VAIDYAN : അതിനെപ്പറ്റി എനിക്ക നല്ല നിശ്ചയമില്ല. അറിഞ്ഞിടത്തോളം തള്ളിയിട്ടില്ലെന്നാണ്. തിരുവിതാംകൂറിൽ ഇപ്പോൾ രണ്ടു മുസ്ലീംസംഘടനകൾ ആണുള്ളത്. ഒന്ന ആൾ ട്രാവൻകൂർ മുസ്ലീം ലീഗും മറെറാന്ന നാത്തു് ട്രാവൻകൂർ മുസ്ലീംലീഗുമാണ്. ഇതിൽ നാത്തുട്രാവൻകൂർ മുസ്ലീംലീഗുകാർ ഈ ബില്ലിനെ അനുകൂലിക്കുന്നുണ്ടെന്നു് എനിക്കറിയാം.

MR P. S. MUHAMED : മെമ്പർ ആ വിവരം എങ്ങനെയാണ് അറിഞ്ഞതെന്നു പറയാമോ ?

MR. A. K. KUMARAN VAIDYAN : അതിലെ ഒരു പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്ന മി. മക്കാർപിള്ളതന്നെ ഈ ബില്ലിനു അനുകൂലിയാണ്. കൂടാതെ നാത്തുട്രാവൻകൂർ മുസ്ലീംലീഗിനു് വടക്കൻ തിരുവിതാംകൂറിൽ വളരെ ശക്തിയുണ്ടെന്നുള്ളതു് നിസ്തർക്കമാണ്. അതിൽപെട്ട ചില പ്രവർത്തകന്മാർ പറഞ്ഞും ഞാൻ കേട്ടിട്ടുണ്ടു്.

MR. P. S. MUHAMED : മി. മക്കാർപിള്ളതന്നെ എന്റെ അഭിപ്രായത്തോടു യോജിച്ചിരിക്കുന്നു എന്നുള്ള വിവരം എന്നോടു പറഞ്ഞിട്ടുള്ളതായി മെമ്പർക്കറിയാമോ ?

MR. A. K. KUMARAN VAIDYAN : ഇപ്പോൾ യോജിച്ചോ എന്നെനിക്കറിഞ്ഞുകൂടാ. അതുകൊണ്ടു എത്രയും വേഗത്തിൽ ഈ ബിൽ നിയമമാക്കേണ്ടതാണ്. ഒരു അന്യ ജാതി പുരുഷൻ ഒരു സ്ത്രീയെ വിവാഹംചെയ്താൽ ആ സ്ത്രീക്കും അതിലുണ്ടാകുന്ന സന്താനങ്ങൾക്കും പിൻതുടർച്ചാവകാശമില്ലാതിരിക്കുന്നതിനെ തടയാൻ വേണ്ടിയാണു ഈ ബിൽ കൊണ്ടുവന്നിട്ടുള്ളതു്. മഹാരാജാവു തിരുമനസ്സിലെ പ്രജകൾ എല്ലാവരും ഐകമത്യത്തോടുകൂടി കഴിയണമെന്നുള്ള ഏക ഉദ്ദേശമാണ് തിരുമനസ്സിലേക്കുള്ളതെന്നു തിരുമനസ്സിലെ ക്ഷേത്രപ്രവേശനവിളംബരം ഒന്നുകൊണ്ടുതന്നെ പ്രസ്പഷ്ടമാകുന്നതാണ്. ക്ഷേത്രപ്രവേശനവിളംബരം ഹിന്ദുക്കളുടെ ഏകീകരണത്തെ സാധ്യമാക്കുന്നതുപോലെ എല്ലാ സമുദായക്കാരേയും ഒന്നിച്ചു യോജിപ്പിച്ചുനിർത്താൻ ഈ ബിൽ ഉപകരിക്കുമെന്നാണ് എന്റെ വിശ്വാസം. അതുകൊണ്ടു മി. മഹമ്മദ് ഈ ഭേദഗതി പിൻവലിക്കണമെന്നു്. ഞാൻ അപേക്ഷിക്കുന്നു. ഇന്നത്തെ നിലയ്ക്കു് അന്യജാതി സ്ത്രീകളെ വിവാഹം ചെയ്തു മൂന്നും നാലും കുട്ടികളാകുമ്പോൾ ഉപേക്ഷിച്ചു പോകുന്നവർക്കു് ഈ ബിൽ ദോഷമാണു് എന്നുള്ളതു് പരമാർത്ഥമാണു് അതുകൊണ്ടു് ബഹുമാനപ്പെട്ട മെമ്പറന്മാർ ഈ ബില്ലിനെ എതിർക്കരുതു് എന്നു് വീണ്ടും വീണ്ടും ഞാൻ വിനീതമായി അപേക്ഷിച്ചുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN : സർ, എന്റെ സ്നേഹിതൻ മി. പി. എസ്. മഹമ്മദ് സ്പെഷ്യൽ മാരിയേജ് ബില്ലിന്റെ പരിധിയിൽനിന്നും മുസ്ലീം സമുദായത്തെ ഒഴിവാക്കണമെന്ന കാണിച്ച് അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയോട് യോജിക്കുവാൻ കഴിയാത്തതിൽ ഞാൻ വ്യസനിക്കുന്നു. മി. മുഹമ്മദിന്റെ പ്രസംഗം അതർഹിക്കുന്ന ഗൗരവത്തോടും ബഹുമാനത്തോടും കൂടി ഞാൻ ശ്രദ്ധിച്ചു അദ്ദേഹം പ്രധാനമായി കൊണ്ടുവന്ന വാദമുഖം മാറ്റു സമുദായങ്ങളെപ്പോലെ വിവാഹം മുസ്ലീം സമുദായത്തെ സംബന്ധിച്ചിടത്തോളം ഒരു കണ്ട്രാക്റ്റല്ലെന്നും നേരെമറിച്ച് അതു മതപരമായ ഒരു അംശമായി സ്വീകരിച്ചിരിക്കുകയാണെന്നും ആണ്.

MR. P. S. MAHAMED : ഞാൻ വിവാഹം ഒരു കണ്ട്രാക്റ്റല്ല എന്നു പറഞ്ഞിട്ടില്ലെന്നു മെമ്പർക്കറിയാമോ ?

MR. K. R. NARAYANAN : ഏതായാലും എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു കണ്ട്രാക്റ്റിനെക്കാൾ മതപരമായ വശത്തെ അടിസ്ഥാനപ്പെടുത്തി മുസ്ലീങ്ങളെ ഈ ബില്ലിൽ നിന്നൊഴിവാക്കണമെന്നു എന്റെ സ്നേഹിതൻ വാദിക്കുന്നു എന്നാണ്. എന്റെ അറിവിൽ പെട്ടിടത്തോളം വിവാഹം മുസ്ലീം സമുദായത്തെ സംബന്ധിച്ചിടത്തോളം മതപരമായ ഒരു ചടങ്ങല്ല. ഒരു മഹമ്മദീയൻ മഹമ്മദീയസ്ത്രീയേയോ, ഈഴവൻ ഈഴവസ്ത്രീയേയോ, നായർ നായർ സ്ത്രീയേയോ വിവാഹം ചെയ്യുമ്പോൾ ഈ ബില്ലു ബാധിക്കുന്നില്ല. ഒരുവൻ തന്റെ സമുദായചക്രവാളത്തിനു പുറത്തുള്ള ഒരു സ്ത്രീയെ വിവാഹം ചെയ്യുമ്പോഴാണ് ഈ ബിൽ ബാധകമായിത്തീരുന്നതു്. അങ്ങനെ വിവാഹം ചെയ്യുന്നതിൽനിന്നു സംജാതരാകുന്ന കുഞ്ഞുങ്ങളെ അനാഥരാക്കിക്കളയാതിരിക്കുവാൻ വേണ്ടിയാണ് ഈ ബില്ലു കൊണ്ടുവന്നിരിക്കുന്നതു്. എന്റെ അഭിപ്രായത്തിൽ മുസ്ലീം സമുദായത്തെ സംബന്ധിച്ചിടത്തോളം വിവാഹം ഒരു കണ്ട്രാക്റ്റ് തന്നെയാണു. മുസ്ലീങ്ങളുടെ വിവാഹത്തിൽ മതവശങ്ങളും എന്തെല്ലാമാണെന്ന് മി. മഹമ്മദിനോട്ടു പ്രസംഗമദ്ധ്യേ ഞാൻ ചോദിച്ചപ്പോൾ "എല്ലാം" ആണെന്നുള്ള ഒഴുക്കൻ സമാധാനമാണ് അദ്ദേഹം പറഞ്ഞതു്. ഈ കാര്യത്തിൽ മുസ്ലീം ലാ അടുക്കുന്നതുപോലെ മറ്റൊരു ലായും അടുക്കുന്നില്ല. ഇതിനെ സംബന്ധിച്ചു് നിയമജ്ഞനായ ഒരു മുസ്ലീം ജഡ്ജിയുടെ അഭിപ്രായം തന്നെ എനിക്കു അതാറിട്ടിയായിട്ടു കാണിക്കുവാൻ കഴിയും. അലഹബാദ് ഹൈക്കോടതിയിൽ മുസ്ലീങ്ങളെ സംബന്ധിച്ചിടത്തോളം വിവാഹം ഒരു കണ്ട്രാക്റ്റാണോ അല്ലെങ്കിൽ മതപരമായ ഒന്നാണോ എന്ന പ്രശ്നം ആവിർഭവിച്ചു. ഈ പ്രശ്നം വന്നതു സുപ്രസി

LIBRARY ARCHIVES Kerala Legislative Assembly

ജനായ ജസ്റ്റീസ് മാമൂദ് അവിടെ ജഡ്ജിയായിരുന്ന കാലത്താണ്. ഒരു മുഹമ്മദീയസ്ത്രീ കല്യാണം കഴിച്ചു ഒരു മഹമ്മദീയന്റെ കൂടെ പോകാൻ വിസമ്മതിച്ചപ്പോൾ തന്റെ കൂടെ ആ സ്ത്രീയെ അയച്ചുതരണമെന്ന് ആവശ്യപ്പെട്ടു. അപ്പോൾ ജസ്റ്റീസ് മാമൂദ് വിധിച്ചത് മഹമ്മദീയരുടെ വിവാഹം ഒരു കണ്ട്രാക്റ്റാണെന്നാണ്. അതുപോലെ മദ്രാസ്, ബാംബെ മുതലായ ഹൈക്കോടതികളിൽ ജഡ്ജിയായിരുന്ന ജസ്റ്റീസ് ടൈയാബ്ജിയും വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ജസ്റ്റീസ് മാമൂദിന്റെ വിധി ശരിയാണെങ്കിൽ, അതുപോലെയുള്ള മറ്റു പണ്ഡിതന്മാരായ ജഡ്ജിമാരുടെ വിധികളും ശരിയാണെങ്കിൽ, മഹമ്മദീയരുടെ വിവാഹം മതപരമായ ഒരു ചടങ്ങ് എന്നുള്ളതിനെക്കാൾ ഒരു സിവിൽ കണ്ട്രാക്റ്റ് എന്ന നിലയെ ആണ് കൂടുതലായി അവലംബിക്കുന്നത്. ജസ്റ്റീസ് മാമൂദും ജസ്റ്റീസ് ടൈയാബ്ജിയും മഹമ്മദൻ വിവാഹത്തെക്കുറിച്ചു പറയുന്ന ഭാഗം എന്റെസ്നേഹിതൻ മി. പി. എസ്. മഹമ്മദ് അസ്വീകാര്യമെന്നു പറയുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് മഹമ്മദീയവിവാഹത്തെ സംബന്ധിച്ചിടത്തോളം നിയമപരമായ നില എന്താണെന്നുള്ളതിനെപ്പറ്റി ഇതിൽ കൂടുതലായി എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

എന്റെ സ്നേഹിതൻ മി. മഹമ്മദിനാകട്ടെ അല്ലെങ്കിൽ മറ്റാർക്കെങ്കിലുമാകട്ടെ ഈ ബിൽ നിയമമാകുന്നതിൽ അത്ര വളരെ പരിഭ്രമിക്കേണ്ടതായൊരാവശ്യവുമില്ല. ഒരു മുസ്ലീം ഒരു ഈഴവ സ്ത്രീയെ കല്യാണം കഴിച്ചു എന്നു വിചാരിക്കുക. അവർക്ക് നാലഞ്ചു കുട്ടികളും ഉണ്ടായെന്നു വരാം. ഈ കുട്ടികളുടെ അമ്മയാകാനിടയായ ആ ഈഴവസ്ത്രീക്കു എന്തു രക്ഷയാണുള്ളത്? അങ്ങനെ സംഭവിച്ചു പോകുമോ എന്നുള്ളതിൽ അത്രയും സംശയിക്കേണ്ട. മഹമ്മദീയർ അവരുടെ സമുദായത്തിനു പുറത്തുനിന്നും വിവാഹം ചെയ്യുന്നുണ്ടെന്നു എന്റെ സ്നേഹിതൻ തന്നെ പ്രസംഗവേളയിൽ ഇവിടെ പറയുകയുണ്ടായി. മുസ്ലീം സമുദായത്തിലെ അനിഷേധ്യ ചക്രവർത്തിയായ മി. ജിന്ന ഒരു മുസ്ലീം സ്ത്രീയെയല്ല വിവാഹം ചെയ്തിരിക്കുന്നത്. മി. ജിന്നായുടെ മകൾ വിവാഹം ചെയ്തിരിക്കുന്നതും മുസ്ലീമിനെയല്ല.

MR. A. K. KUMARAN VAIDYAN : മി. ജിന്നായുടെ മകൾ അന്യസമുദായത്തിൽപ്പെട്ട ഒരാളെ കല്യാണം കഴിച്ചതുകൊണ്ട് അവരെ മുസ്ലീം സമുദായത്തിൽനിന്നു മാറ്റി നിറുത്തിയിരിക്കുകയാണോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. R. NARAYANAN: അവരെ മുസ്ലീം സമുദായത്തിൽനിന്നു അകറ്റിനിറുത്തിയിട്ടില്ലെന്നു മാത്രമല്ല മി. ജിന്ന മുസ്ലീം സമുദായത്തിലെ അനിഷേദ്ധ്യനേതാവായി ഇൻഡ്യയിലുള്ള മുസ്ലീങ്ങളും മുഴുവനും അംഗീകരിച്ചിരിക്കുകയാണെന്നുള്ളതു് മി. പി. എസ്. മഹമ്മദുതന്നെ സമ്മതിക്കുമെന്നു് എനിക്കു് നിശ്ചയമുണ്ടു്. അപ്പോൾ മുസ്ലീം പുരുഷന്മാർ അമുസ്ലീംസ്ത്രീകളെ കല്യാണം കഴിക്കുകയും അങ്ങനെയുള്ള കല്യാണത്തിന്റെ നിലനിൽപ്പിനും പിൻതുടർച്ചാവകാശത്തിനും നിയമം വേണ്ടെന്നു ശഠിക്കുകയും ചെയ്യുന്നതിന്റെ യുക്തിയും ഔചിത്യവും എന്താണെന്നു മി. മഹമ്മദു തന്നെ പറഞ്ഞുതന്നാൽ കൊള്ളാം. ഇപ്പോൾ ആലോചനക്കു വന്നിരിക്കുന്ന ബിൽ പാസായാൽ മുസ്ലീം നിയമമനുസരിച്ചു മുസ്ലീങ്ങൾ തമ്മിൽ നടത്തുന്ന വിവാഹത്തെ അതു ഒരു പ്രകാരത്തിലും ബാധിക്കുകയില്ലെന്നും സമുദായവ്യത്യാസങ്ങളുടെ പുറത്തുപോയി വിവാഹം നടത്തുന്നവരെ മാത്രമേ ബാധിക്കൂ എന്നും മി. പി. എസ്-നു് അറിയാം. എന്നിട്ടും എതിർക്കുന്നതിന്റെ ഉദ്ദേശമാണു് എനിക്കു ഒട്ടും മനസ്സിലാക്കാൻ സാധിക്കാത്തതു്. മുസ്ലീം സമുദായത്തിന്റെ അന്തസ്സിനു തന്നെയും ഈ വാദം ശരിയായിട്ടുള്ളതല്ല. മുസ്ലീം സമുദായത്തിന്റെ പാരമ്പര്യവും സംസ്കാരവുമാലോചിച്ചാൽ മി. പി. എസ്. മഹമ്മദ് തന്നെ ഈ ബിൽ ഇവിടെ കൊണ്ടുവരേണ്ടതായിരുന്നു. എന്താണെന്നു വച്ചാൽ ഏകജാതിസന്ദേശത്തെ മുസ്ലീം സമുദായത്തെപ്പോലെ മറെറാരു സമുദായവും ഉൽഘോഷണം ചെയ്യുന്നില്ല. മഹമ്മദുനിബി ഇന്നു ലോകത്തിൽ പ്രദാനം ചെയ്തിട്ടുള്ള ഒരു ദിവ്യമായ സന്ദേശമാണു് അതു്. ആ ഏകജാതിസന്ദേശക്കാരനായ ലോകാചാര്യന്റെ കാൽനഖേന്ദുമരീചികളിൽ സഞ്ചരിക്കുന്ന മി. പി. എസ്. മഹമ്മദ് സമുദായവ്യത്യാസത്തെ കുറയ്ക്കുവാനും നശിപ്പിക്കുവാനും ബഹുദൂരം ഉപകരിക്കുന്ന ഈ ബില്ലിനെ എതിർക്കുന്നതു ഏററവും അത്ഭുതമായിരിക്കുന്നു. ഒന്നുകിൽ മി. പി. എസ്. മഹമ്മദ് പറയുന്നതു് മഹമ്മദ്നിബി ഇപ്പോഴത്തെ ജാതിവ്യത്യാസത്തെ പിൻതാങ്ങുന്നു എന്നാണു്: എങ്കിൽ ഞാൻ വ്യസനിക്കുന്നു. ഇൻഡ്യാ, ജാതികളുടെ മൂസ്യമാണു്. ഇവിടെ വ്യക്തികൾ ജാതിയുടേയും മതത്തിന്റെയും പേരിൽ ഹാലിളകി രക്തപ്പുഴകൾ ഒഴുക്കുന്നു. അതുകൊണ്ടു് ജാതിവ്യത്യാസത്തിന്റെ ശിക്ഷത കുറയ്ക്കുന്ന ഈ ബില്ലിനെ സ്വാഗതം ചെയ്യുവാൻ ഞാൻ അദ്ദേഹത്തോടപേക്ഷിക്കുന്നു.

ഇനി ഈ ബിൽ പാസായ ഏതെങ്കിലും രാജ്യത്തിൽ വല്ലകുഴപ്പവും ഉണ്ടായിട്ടുണ്ടോ എന്നാലോചിക്കാം. ഞാൻ അലഹബാദിലേക്കോ,

LIBRARY ARCHIVES Kerala Legislative Assembly

